## പതിനാലാം കേരള നിയമസഭ
## പത്തൊമ്പതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത**

**ചോദ്യം നമ്പർ : 635** **03.3.2020 -ൽ മറുപടിയ്ക്ക്**

## മലബാർ റിവർ ക്രൂയിസ് പദ്ധതി

ചോദ്യം — മറുപടി

ശ്രീ.സി.കൃഷ്ണൻ : — ശ്രീ. കടകംപള്ളി സുരേന്ദ്രൻ
(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| എ) | മലബാർ റിവർ ക്രൂയിസ് പദ്ധതിയുടെ പ്രവർത്തന പുരോഗതി വിശദമാക്കാമോ; | എ) | കണ്ണൂർ ജില്ലയിൽ മലനാട് മലബാർ റിവർ ക്രൂയിസ് പദ്ധതിയുടെ ഭാഗമായി ഭരണാനുമതി നൽകി ഇൻലാൻറ് നാവിഗേഷൻ വകുപ്പ് മുഖേന നടപ്പിലാക്കുന്ന 17 പദ്ധതികളുടെ പ്രവൃത്തി പുരോഗതി വിവരങ്ങൾ താഴെ പറയുന്നു.<br>**കണ്ണൂർ ജില്ല**<br>1. പഴയങ്ങാടി ബോട്ട് ടെർമിനൽ - പ്രവൃത്തി പൂർത്തീകരിച്ചു<br>2.പറശ്ശിനിക്കടവ് ബോട്ട് ടെർമിനൽ - പൈലിംഗ് പ്ലാറ്റ്ഫോം സ്ലാബ്, പില്ലറുകൾ, റൂഫ് ബീം എന്നിവയുടെ കോൺക്രീറ്റ് പ്രവർത്തികൾ പൂർത്തീകരിച്ചു. ഹാൻഡ് റെയിൽ വർക്കുകൾ പുരോഗമിച്ചു വരുന്നു. ആകെ (78%) ജോലികൾ പൂർത്തിയായി.<br>3.ധർമ്മടം ബോട്ട് ടെർമിനൽ - പൈലിംഗ് പ്രവർത്തി പൂർത്തീകരിച്ചു ആകെ (55%) ജോലികൾ പൂർത്തിയായി.<br>4.ചേരിക്കൽ ബോട്ട് ടെർമിനൽ - പൈലിംഗ് പ്രവർത്തി പൂർത്തീകരിച്ചു ആകെ (55%) ജോലികൾ പൂർത്തിയായി.<br>5. പാറപ്രം ബോട്ട് ടെർമിനൽ - പൈലിംഗ് പ്രവർത്തി പൂർത്തീകരിച്ചു ആകെ (55%) ജോലികൾ പൂർത്തികരിച്ചു.<br>6. ചാമ്പാട് (മമ്പറം) ബോട്ട് ജെട്ടി - ടെൻഡർ നടപടികൾ പൂർത്തീകരിച്ച് എഗ്രിമെൻറ് വച്ചു. നിർമ്മാണ പ്രവർത്തികൾ ആരംഭിച്ചിട്ടില്ല.<br>7. പെരിങ്ങത്തൂർ ബോട്ട് ജെട്ടി - പൈലിംഗ് പ്രവർത്തി പൂർത്തീകരിച്ചു. പ്ലാറ്റ് ഫോം സ്ലാബ് പ്രവർത്തി പുരോഗമിച്ചു വരുന്നു. ആകെ (35%) ജോലികൾ പൂർത്തികരിച്ചു.<br>8. മോന്താൽ ബോട്ട് ജെട്ടി - പൈലിംഗ് പ്രവർത്തി പൂർത്തീകരിച്ചു. പ്ലാറ്റ്ഫോം സ്ലാബ് പ്രവർത്തി പുരോഗമിച്ചു വരുന്നു. ആകെ (42%) ജോലികൾ പൂർത്തികരിച്ചു.<br>9. കരിയാട് ബോട്ട് ടെർമിനൽ - നിർമ്മാണത്തിനുള്ള പ്രാരംഭ പ്രവർത്തികൾ പുരോഗമിക്കുന്നു.<br>10. ന്യൂ മാഹി ബോട്ട് ടെർമിനൽ -പൈലിംഗ് പ്രവർത്തി പൂർത്തീകരിച്ചു. പ്ലാറ്റ്ഫോം സ്ലാബ് പ്രവർത്തി പുരോഗമിച്ചു വരുന്നു. ആകെ (70%) ജോലികൾ പൂർത്തീകരിച്ചു.<br>11. പാത്തിക്കൽ ബോട്ട് ജെട്ടി - പൈലിംഗ് പ്രവർത്തി പൂർത്തീകരിച്ചു. ആകെ (40%) ജോലികൾ പൂർത്തികരിച്ചു. |

| | | | |
|---|---|---|---|
| | | | 12.കക്കടവ് ബോട്ട് ജെട്ടി കം വാക്ക് വേ - പൈലിംഗ് പ്രവർത്തി പൂർത്തീകരിച്ചു. ആകെ (62%) ജോലികൾ പൂർത്തികരിച്ചു.<br>13.പുന്നക്കടവ് ബോട്ട് ജെട്ടി - പൈലിംഗ്, പ്ലാറ്റ്ഫോം സ്ലാബ്, പില്ലറുകൾ, റൂഫ് ബീം എന്നിവയുടെ കോൺക്രീറ്റ് പ്രവർത്തികൾ പൂർത്തീകരിച്ചു ആകെ (66%) ജോലികൾ പൂർത്തികരിച്ചു.<br>14. മുക്കവച്ചേരി (കവ്വായി കാലികടപ്പുറം) ബോട്ട് ടെർമിനൽ - എഗ്രിമെൻറ് വച്ച് നിർമ്മാണത്തിനുള്ള പ്രാരംഭ പ്രവർത്തികൾ പുരോഗമിക്കുന്നു.<br>**കാസറഗോഡ്**<br>15. ഡെവലപ്മെൻറ് ഓഫ് കോട്ടപ്പുറം ഹൗസ് ബോട്ട് ടെർമിനൽ :- ടെണ്ടർ നടപടികൾ<br>പൂർത്തീകരിച്ചു. കരാർ ഒപ്പ വെച്ചു. പദ്ധതി നിർമ്മാണം ഉടൻ ആരംഭിക്കും.<br>16. ബോട്ട് ജെട്ടി അറ്റ് മാലികടപ്പുറം - പദ്ധതിയുടെ നിർമ്മാണ പ്രവർത്തി ആകെ 75% ജോലികൾ പൂർത്തികരിച്ചു.<br>17. ബോട്ട് ജെട്ടി അറ്റ് മടക്കാൽ - ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു. |
| ബി) | ഈ സർക്കാരിന്റെ കാലാവധിക്കുള്ളിൽ പ്രസ്തുത പദ്ധതി വിഭാവനം ചെയ്ത രീതിയിൽ പൂർണ്ണമായും നടപ്പിലാക്കാൻ സാധിക്കുമോയെന്ന് വ്യക്തമാക്കാമോ? | ബി) | ഈ സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കുന്ന പ്രസ്തുത പദ്ധതി നിശ്ചിത കാലാവധിക്കകം തന്നെ പൂർത്തീകരിക്കുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്. പ്രവർത്തി ആരംഭിച്ചിട്ടുള്ള എല്ലാ പദ്ധതികളും 2020 ഡിസംബർ മാസത്തിനകം പൂർത്തീകരിക്കാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഇനിയും പണി ആരംഭിച്ചിട്ടില്ലാത്ത കാലിക്കടപ്പുറം (പയ്യന്നൂർ), മമ്പറം (ധർമ്മടം), കരിയാട് (കൂത്തുപറമ്പ്) എന്നീ പദ്ധതികളും എത്രയും വേഗം പൂർത്തീകരിക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. ജെട്ടി/ടെർമിനൽ മുതലായവയുടെ പണി പൂർത്തീകരിക്കാൻ ആകുമെങ്കിലും CRZ ക്ലിയറൻസ് ലഭിച്ച്, ക്രൂസ് ബോട്ടുകൾ/യാനങ്ങൾ എന്നിവ നീറ്റിലിറക്കിയാൽ മാത്രമേ പദ്ധതി വിഭാവനം ചെയ്ത രീതിയിൽ പൂർണ്ണമായ തോതിൽ നടപ്പാക്കാൻ സാധിക്കുകയുള്ളൂ. ചില കേന്ദ്രങ്ങളിൽ സ്ഥല ലഭ്യത നീണ്ടുപോയത് കാലതാമസത്തിന് കാരണമായി.<br>കേന്ദ്ര ടൂറിസം മന്ത്രാലയം അംഗീകരിച്ച 80.38 കോടി രൂപയുടെ പദ്ധതി പ്രവർത്തനങ്ങൾ പുരോഗമിച്ചുവരികയാണ്. സ്ഥല ലഭ്യത നേടിയെടുക്കുന്ന നടപടികളും , CRZ clearance ന് അപേക്ഷ സമർപ്പിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. പദ്ധതി പൂർത്തീകരണം വേഗത്തിലാക്കുവാനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ